(c) P. T. A. of Rs. 15 P. M. and a sum of Rs. 20 P. M. for contingencies are being given to each.

നെല്ലുകുത്തുന്നതിനുള്ള മില്‍

൭൭൨. (ന ൭) ശ്രീ. സബാസ്റ്റ്യന്‍ തോപ്പില്‍: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ക്ഷേത്രവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവണ്മെണ്ട് സംഭരിക്കുന്ന നെല്ല് കുത്തുന്നതിനായി തിരുവിതാംകൂറിലെ ഏതാനും പ്രദേശങ്ങളില്‍ മില്ലുകള്‍ സ്ഥാപിക്കുവാന്‍ ഗവണ്മെണ്ട് ആലോചിച്ചിരുന്നില്ലേ;

(ബി) അതു് എത്രത്തോളമായി;

(സി) അതിലേക്ക് ലൈസന്‍സിനു് അപേക്ഷിക്കുവാന്‍ ക്ഷണിച്ചിട്ട് എത്ര അപേക്ഷകള്‍ കിട്ടിയിട്ടുണ്ട്;

(ഡി) എവിടെ നിന്നെല്ലാമാണു്?

വിദ്യാഭ്യാസവും തൊഴിലും സിവില്‍ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്‍):

(എ) ആലോചിച്ചിരുന്നു.

(ബി) മില്ലു് സ്ഥാപിക്കുന്നതാണെന്നു് തീരുമാനിച്ചുകഴിഞ്ഞു. ഫുഡ് ഡിപ്പാര്‍ട്ടുമെന്റിലെ റൈസ് മില്‍സ് ലൈസന്‍സിംഗ് ഓര്‍ഡര്‍ എന്ന പേരില്‍ ഒരു നിയമം പുറപ്പെടുവിക്കയും ചെയ്തിട്ടുണ്ടു്. കന്നിപ്പുവില്‍നിന്നു് ഒരുലക്ഷം പറ നെല്ലില്‍ കൂടുതല്‍ കിട്ടുമെന്നുദ്ദേശിക്കുന്ന താലൂക്കുകളില്‍ മില്ലുകള്‍ സ്ഥാപിക്കുവാന്‍ വേണ്ടതായ നടപടികള്‍ എടുത്തുവരുന്നുണ്ടു്. ഒരു മാസത്തിനകം മില്ലുകളില്‍ നെല്ലുകുത്തു് ആരംഭിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

(സി) മുപ്പതോളം അപേക്ഷകള്‍ കിട്ടി.

(ഡി) വിളവംകോടു്, നെയ്യാറ്റിന്‍കര, നെടുമങ്ങാടു്, പീരുമേടു് എന്നീ താലൂക്കുകള്‍ ഒഴികെയുള്ള എല്ലാ താലൂക്കുകളില്‍നിന്നും അപേക്ഷകള്‍ കിട്ടിയിട്ടുണ്ടു്.

* ൭൭൩. (ന വ) ശ്രീ. സെബാസ്റ്റ്യന്‍ തോപ്പില്‍: താഴെ പറയുന്ന ചോദ്യങ്ങള്‍ക്കു ബഹുമാനപ്പെട്ട അഞ്ചല്‍ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) അഞ്ചല്‍ സേവിംഗ്സ് ബാങ്കിലെ കണക്കുകള്‍ പരിശോധിച്ചു പാസ്സുബുക്കുകളില്‍ നിയമപ്രകാരം പലിശ വരവുവച്ചു കൊടുക്കാന്‍ കാലതാമസം വരുന്നതെന്താണു്;

(ബി) ൭൭൨-ലെയും ൭൭൩-ലെയും പലിശ വരവുവച്ചു കൊടുത്തിട്ടില്ലെന്ന സംഗതി ഗവണ്മെണ്ടിന്റെ ശ്രദ്ധയില്‍ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോണ്‍ ഫിലിപ്പോസ്):

(എ) നിലവിലുള്ള അക്കൌണ്ടുകളില്‍ ഉണ്ടായിട്ടുള്ള വമ്പിച്ച വര്‍ദ്ധനമൂലം വന്നുചേര്‍ന്നിട്ടുള്ള അസാധാരണമായ ജോലി കൂടുതല്‍ നേരിട്ടന്നതിനു മതിയായ സ്റ്റാഫ് ഇല്ലാത്തതുകൊണ്ടാണു്.

(ബി) ൭൭൨-ലേക്കുള്ള പലിശ അക്കൌണ്ടുകളില്‍ ചേര്‍ത്തുവരുന്നു. ൭൭൩-ലെ പലിശ ഈ ആണ്ടില്‍തന്നെ ചേര്‍ക്കുന്നതാണു്.

കോളേജ് പ്രവേശനത്തിന്റെ മാനദണ്ഡം

* ൭൭൪. (൭൭) ശ്രീ. കെ. കെ. കേശവന്‍: താഴെ പറയുന്ന ചോദ്യങ്ങള്‍ക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) എറണാകുളം മഹാരാജസ് കോളേജിൽ ഈ കൊല്ലം വിദ്യാർത്ഥികൾക്ക പ്രവേശനം അനുവദിച്ചിട്ടുള്ളതു എന്തൊരു മാനദണ്ഡമനുസരിച്ചാണ്;

(ബി) പിന്നോക്കസമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക പ്രവേശനം കിട്ടത്തക്കവണ്ണം വല്ല പ്രത്യേക പരിരക്ഷകളും പ്രവേശന കാര്യത്തിൽ കണക്കാക്കിയിരുന്നുവൊ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഗവണ്മെണ്ടിൽനിന്നും അംഗീകരിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരമാണ്. അറിവിന്നായി ആ ചട്ടങ്ങളുടെ ഒരു പകർപ്പ് അടക്കം ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. ചട്ടങ്ങൾ ൪-ം, ൫-ം നോക്കുക.

REVISED RULES

1. Admission is open to all students belonging to geographical area covered by Cochin and Travancore.

2. Preference be given in the following order.

(a) Students belonging to the area coming from schools and colleges situated within the area.

(c) Students belonging to the area coming from schools and colleges situated within the area.

(c) Others.

3. Princes of the Cochin Ruling Family and Cranganore to be admitted, irrespective of marks into groups considered best by the principal.

4. All depressed classes, Muslims and Jew women students to be admitted irrespective of marks into groups considered best by the Principal.

5. The depressed class, Muslim and Jew men students to be given a percentage of reservation of seats consistent with the proportion of applications received from them, taken separately, to the total number of applications registered for the group.

6. Children of local Government servants to be given some preference i.e., children of Government servants drawing a pay of Rs. 200 or less may be admitted provided they get a minimum of 50 per cent in the subject taken into consideration.

7. Children of local post, telegraph, telephone, railway, Port Harbour Army and Navy personnel to be given some preference, i.e., on a par with the students of Cochin and Travancore even though they may not be from this area.

8. Selection of all students inclusive of those under category (5) to be made on the basis of marks scored, the candidates being arranged in order or merit under group of study.

(True Copy)

(Sd.)
Principal

സ്വയം പര്യാപ്തത

*൭൫൪ (൭൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കാഷ്യൂകവകുപ്പുമന്ത്രി സദയം മറുപടി പറയുമൊ.—

(എ) ആഹാരത്തെ സംബന്ധിച്ചിടത്തോളം തവണ്ണത്തിന്റെ സ്വയം പര്യാപ്തതക്കുള്ള ശ്രമം വെറും ധ്യാമോഹമാണെന്ന കടിൽ വ്യവസായകമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly